വർഷം ഹഡ്കോയ്ക്ക് 2.01 കോടി രൂപ മുതൽ ഇനത്തിലും ശരാശരി 52 ലക്ഷം രൂപ പലിശയിനത്തിലും പ്രതിമാസം അടയ്ക്കുന്നുണ്ട്. എൽ.ഐ.സി.ക്ക് പ്രതിവർഷം 5 കോടി രൂപ മുതൽ ഇനത്തിലും 13 ശതമാനം നിരക്കിൽ അർദ്ധ വാർഷികമായി പലിശയും തിരിച്ചടയ്ക്കണം. നാളിതുവരെ 5 കോടി രൂപ മുതൽ ഇനത്തിലും 15.20 കോടി രൂപ പലിശ ഇനത്തിലും ഒടുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 133-ൽ മുതൽ ഇനത്തിൽ 5.50 ലക്ഷം രൂപയും പലിശയിനത്തിൽ 1.50 ലക്ഷം രൂപയും ഒടുക്കുന്നുണ്ട്.

ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്ന നടപടി

163 (760) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവർമാരുടെ കുറവ് കെ. എസ്. ആർ. ടി. സി-യുടെ മിക്ക ഡിപ്പോകളിലെയും ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഏതൊക്കെ നടപടികൾ കൈക്കൊള്ളും ;

(സി) ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂളുകൾ ഗണ്യമായി ക്യാൻസൽ ചെയ്യുന്നതും അതു വരുമാനത്തെ ഗണ്യമായി ബാധിക്കുന്നതും പരിശോധിക്കുമോ ;

(ഡി) കെ. എസ്. ആർ. ടി. സി-യെ ചില ഡ്രൈവർമാർ സ്വകാര്യ ബസ്സുകളെ സഹായിക്കുന്നതിനുവേണ്ടി മെല്ലെപ്പോക്ക്, സ്റ്റോപ്പിൽ ബസ്സ് നിർത്താതിരിക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിശോധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴിവുകൾ പി.എസ്.സി.യെ എഴുതി അറിയിച്ചിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന താല്ക്കാലിക നിയമനം നടത്തുവാൻ യൂണിറ്റധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് നിയമനം നടന്നു വരുന്നു.

(സി) ഡ്രൈവർമാരുടെ കുറവുമൂലം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യേണ്ടിവരുന്നുണ്ട്. തന്മൂലം വരുമാന നഷ്ടവും ഉണ്ടാകുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്ന മുറയ്ക്ക് ഇത് പരിഹരിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അത്തരത്തിൽ പരാതികൾ ലഭിച്ചാൽ അന്വേഷിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly